പതിമൂന്നാം കേരള നിയമസഭ
പതിമൂന്നാം സമ്മേളനം

| നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 2475 | 19.03.2015- ൽ മറുപടി നല്കേണ്ടത്. |
|---|---|

## ഭക്ഷ്യവസ്തുക്കൾ വിപണനം ചെയ്യുന്നവർക്ക് രജിസ്ട്രേഷൻ

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | ശ്രീ. പി.കെ. ഗുരുദാസൻ<br>" സാജു പോൾ<br>" കെ.കെ.നാരായണൻ<br>ശ്രീമതി. കെ.കെ.ലതിക | | ശ്രീ. വി. എസ്. ശിവകുമാർ<br>(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പ് മന്ത്രി) |
| എ) | സംസ്ഥാനത്ത് ഭക്ഷ്യവസ്തുക്കൾ വിപണനം ചെയ്യുന്നവരെല്ലാം രജിസ്ട്രേഷനോ ലൈസൻസോ എടുത്തിട്ടുണ്ടോ; ഇതിനുള്ള തീയതി നീട്ടി നല്കിയിട്ടുണ്ടോ; രജിസ്ട്രേഷൻ/ ലൈസൻസ് എടുക്കാത്തവർക്കെതിരെ എന്തെങ്കിലും നടപടി സ്വീകരിച്ചിരുന്നോ; വിശദമാക്കാമോ; | എ) | ഫുഡ് സേഫ്റ്റി ആന്റ് സ്റ്റാന്റേർഡ്സ് അതോറിറ്റി ഓഫ് ഇൻഡ്യയുടെ, 04.02.2015 ലെ ഉത്തരവ് പ്രകാരം, 04.08.2015 വരെ, ഭക്ഷ്യസുരക്ഷാ ലൈസൻസോ രജിസ്ട്രേഷനോ കരസ്ഥമാക്കുന്നതിന് സമയം ദീർഘിപ്പിച്ച് നൽകിയിട്ടുണ്ട്. ഭക്ഷ്യസുരക്ഷാ ലൈസൻസോ രജിസ്ട്രേഷനോ എടുക്കാത്തതിനു മാത്രമായി ആർക്കെതിരെയും നടപടി സ്വീകരിച്ചിട്ടില്ല. |
| ബി) | അക്ഷയകേന്ദ്രങ്ങൾ വഴി ഓൺലൈനായി രജിസ്ട്രേഷൻ/ ലൈസൻസ് സംവിധാനം ഏർപ്പെടുത്താനുണ്ടായ സാഹചര്യം എന്തായിരുന്നു; വ്യക്തമാക്കാമോ; | ബി) | ഫുഡ് സേഫ്റ്റി ആന്റ് സ്റ്റാന്റേർഡ്സ് അതോറിറ്റി ഓഫ് ഇൻഡ്യ, രാജ്യത്താകമാനം, Food Licensing and Registration System (FLRS)-ലൂടെ ഭക്ഷ്യസുരക്ഷാ ലൈസൻസും രജിസ്ട്രേഷനും ഓൺലൈനായി എല്ലാ സംസ്ഥാനങ്ങളിലും നൽകുവാനുള്ള നടപടികൾ അടിയന്തിരമായി സ്വീകരിക്കണമെന്ന് നിർദ്ദേശം നൽകിയതിന്റെ അടിസ്ഥാനത്തിലാണ് കേരളത്തിലും അക്ഷയ കേന്ദ്രങ്ങളുടെ സഹകരണത്തോടുകൂടി ഇത്തരമൊരു സംവിധാനം ഏർപ്പെടുത്തിയിട്ടുള്ളത്. |
| സി) | ഓൺലൈനായി ലൈസൻസിന് അപേക്ഷ നൽകുമ്പോൾ ഭക്ഷ്യസുരക്ഷാഗുണനിലവാര റഗുലേഷൻ പ്രകാരമുള്ള 30 ഇന മാനദണ്ഡം | സി) | ഓൺലൈനായി ലൈസൻസിന് അപേക്ഷ നൽകുമ്പോൾ എല്ലാ ശുചിത്വ മാനദണ്ഡങ്ങളും പാലിക്കുന്നുണ്ടോ എന്ന് പരിശോധിക്കാറില്ല. അപേക്ഷിക്കുന്ന എല്ലാവർക്കും, രേഖകൾ |

| | | | |
|---|---|---|---|
| | പാലിക്കപ്പെട്ടിട്ടുണ്ട് എന്നുറപ്പാക്കുന്നതെങ്ങനെ; വിശദമാക്കമോ; | | എല്ലാം ശരിയായി സമർപ്പിച്ചിട്ടുണ്ടെങ്കിൽ, ലൈസൻസ് നൽകുന്നതാണ്. ഇതിനോടൊപ്പം നിബന്ധനകൾ പാലിച്ചുകൊള്ളാമെന്ന സമ്മതപത്രവും എഴുതി വാങ്ങുന്നു. അപ്രകാരം ചെയ്യണമെന്ന് ഫുഡ് സേഫ്റ്റി സ്റ്റാൻഡേർഡ്സ് അതോറിറ്റി ഓഫ് ഇൻഡ്യ നിഷ്കർഷിച്ചിട്ടുണ്ട്.രാജ്യത്തെ എല്ലാ ഭക്ഷ്യവ്യാപാരികളെയും നിയമത്തിന്റെ പരിധിയിൽ എത്രയും പെട്ടെന്ന് കൊണ്ടുവരുക എന്നുള്ളതാണ് ഇതിന്റെ ഉദ്ദേശം. ഇതിനുശേഷം, ഫുഡ് ബിസിനസ്സ് ഓപ്പറേറ്റർമാർക്ക് വേണ്ട മാർഗ്ഗനിർദ്ദേശങ്ങളും ബോധവൽക്കരണവും നൽകാറുണ്ട്. എന്നാൽ ഫുഡ് സേഫ്റ്റി ഓഫീസർമാർ പിന്നീട് പരിശോധന നടത്തുമ്പോൾ മാനദണ്ഡങ്ങൾ പാലിക്കുന്നില്ലായെങ്കിൽ ലൈസൻസ് സസ്പെൻഡ് ചെയ്യുകയും മറ്റു നിയമനടപടികൾ അനുബന്ധമായി സ്വീകരിക്കുകയും ചെയ്യുന്നതാണ്. |
| ഡി) | സ്ഥാപനം സന്ദർശിച്ച് പരിശോധന നടത്തിയ ശേഷമാണോ രജിസ്ട്രേഷനും ലൈസൻസും നൽകുന്നത്, അല്ലെങ്കിൽ സ്ഥാപനം നിബന്ധനകൾ പാലിക്കുന്നുവെന്ന് ഉറപ്പ വരുത്തുന്നതെങ്ങനെയെന്ന് അറിയിക്കാമോ? | ഡി) | നിലവിൽ മറ്റേതെങ്കിലും വ്യാപാര ലൈസൻസ് ഉള്ളവർക്ക്, പരിശോധന കൂടാതെ തന്നെ, ഭക്ഷ്യസുരക്ഷാ ലൈസൻസോ രജിസ്ട്രേഷനോ നൽകണമെന്ന് ഫുഡ് സേഫ്റ്റി ആന്റ് സ്റ്റാൻഡേർഡ്സ് അതോറിറ്റി ഓഫ് ഇൻഡ്യ തന്നെ നിർദ്ദേശിച്ചിട്ടുണ്ട്. കൂടാതെ, പുതിയതായി ലൈസൻസിന് അപേക്ഷിക്കുന്നവയിൽ മാത്രം നിശ്ചിത മാനദണ്ഡങ്ങൾ പാലിക്കപ്പെടുന്നുവെന്ന് ഉറപ്പുവരുത്തുന്നുള്ളു. എന്നാൽ, ആദ്യഘട്ടമെന്ന നിലയിൽ, പുതിയതായി രജിസ്ട്രേഷനു അപേക്ഷിക്കുന്നവർക്കെല്ലാം തന്നെ നിശ്ചിത രേഖകളുടെ അടിസ്ഥാനത്തിൽ പരിശോധന കൂടാതെ തന്നെ നിലവിൽ രജിസ്ട്രേഷൻ നല്കുന്നുണ്ട്. എന്നാൽ ഭക്ഷ്യ വ്യാപാര കേന്ദ്രം പ്രവർത്തനക്ഷമമായ ശേഷം പരിശോധന നടത്താറുള്ളതും, നിശ്ചിത മാനദണ്ഡങ്ങൾ പാലിക്കാത്ത സ്ഥാപനങ്ങൾക്കെതിരെ, 2006 ലെ ഭക്ഷ്യസുരക്ഷാ ഗുണനിലവാര നിയമപ്രകാരമുള്ള നടപടി സ്വീകരിക്കാറുണ്ട്. |

സെക്ഷൻ ഓഫീസർ